**പോലീസ് സ്റ്റേഷൻ: ഏരൂർ** **തീയതി : 06.09.2022**

## ഒറ്റയ്ക്ക് താമസിച്ചിരുന്ന വയോധികയുടെ അസ്വഭാവിക മരണം : കൊലപാതകമെന്ന് തെളിഞ്ഞു പ്രതി പിടിയിൽ

ഏരൂർ: വിളക്കുപാറ പാറവിള വീട്ടിൽ ചെല്ലമ്മ മകൾ 58 വയസുള്ള വത്സല 26.02.2022 തീയതി വീട്ടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തിയത് കൊലപാതകമാണ് എന്ന സംശയം ഉളവാക്കിയിരുന്നു. ആയതിനെ പറ്റി സമഗ്ര അന്വേഷണം നടത്തുന്നതിനായി കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. കെ.ബി രവി ഐ.പി.എസ് പൂനലൂർ ഡി.വൈ.എസ്.പി ബി. വിനോദിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘ ത്തെ നിയോഗിക്കുകയും, കഴിഞ്ഞ ആറുമാസക്കാലമായി അന്വേഷണം നടന്നു വരുകയുമായിരുന്നു. പോലീസ് സമഗ്രമായ അന്വേഷണം നടത്തി വരവെയാണ് സമീപവാസിയായ ആയിരനല്ലൂർ വില്ലേജിൽ വിളക്കുപാറ പി.ഒ ൽ ദർഭപ്പണ എന്ന സ്ഥലത്ത് ശരണ്യാലയത്തിൽ തങ്കപ്പൻ മകൻ 60 വയസുള്ള മോഹനനെപ്പറ്റി ചില രഹസ്യവിവരങ്ങൾ അന്വേഷണ ഉദ്യോഗസ്ഥന് ലഭിക്കുന്നത്. മരണപ്പെട്ട ആളുടെ ശരീരത്തിലെ കടിയുടെ പാടുകളിലെ ഘടനയുടെ പ്രത്യേകത മനസിലാക്കി ഏഴോളം പേരെ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിൽ അറസ്റ്റിലായ മോഹനനും ഉൾപ്പെട്ടിരുന്നു. വത്സലയെ മുൻപരിചയം ഉണ്ടായിരുന്ന പ്രതി വത്സല മരണപ്പെട്ട ദിവസവും മുൻപും ഇവരുടെ വീടിനു സമീപം മേശിരിപ്പണിക്ക് വന്നിരുന്നു എങ്കിലും മരണത്തിനു ശേഷം ടി ഭാഗത്തേക്ക് വന്നിരുന്നില്ല. ടി വിവരങ്ങളിൽ കൂടുതൽ സംശയം തോന്നിയ അന്വേഷണ ഉദ്യോഗസ്ഥൻ ടിയാളെ




മാസങ്ങളോളം നിരീക്ഷിക്കുന്നത് പ്രത്യേകം ടീമിനെ ചുമതലപ്പെടുത്തുകയും. ആയതിൽ നിന്നും ലഭിച്ച വിവരങ്ങളിൽ നിന്നും പ്രതി മോഹനനാണെന്ന് ഉറപ്പിക്കുകയും ചെയ്തു. ഇയാളെ അറസ്റ്റു ചെയ്തു ചോദ്യം ചെയ്തതിൽ പ്രതി കുറ്റം സമ്മതിക്കുകയായിരുന്നു. കൊല്ലപ്പെട്ട വത്സലയോട് തോന്നിയ കാമാസക്തി മനസ്സിൽ സൂക്ഷിച്ചുവച്ച് ആയതിനുള്ള അവസരം നോക്കിയിരുന്ന പ്രതി, വത്സലയുടെ വീടിന്റെ പിൻവശം വാതിൽ അടച്ചുറപ്പ് ഇല്ലാത്തതാണ് എന്ന് മനസിലാക്കി രാത്രി വീട്ടിനുള്ളിൽ കുറ്റകരമായി പ്രവേശിച്ച് കിടപ്പുമുറിയുടെ കട്ടിലിൽ കിടക്കുകയായിരുന്ന വത്സലയെ അതിക്രൂരമായി ബലാത്സംഗം ചെയ്യുകയും ആയതു പ്രതിരോധിക്കാൻ ഉച്ചത്തിൽ

നിലവിളിച്ച വത്സലയെ പ്രതി ശ്വാസംമുട്ടിച്ച് കൊലപ്പെടുത്തുകയുമായിരുന്നു. പുനലൂർ ഡി.വൈ.എസ്.പി ശ്രീ. ബി.വിനോദിന്റെ നേതൃത്വത്തിൽ എസ്.ഐ പ്രേംലാൽ, എസ്.സി.പി.ഒ ദീപക്, സി.പി.ഒ ആദർശ് എന്നിവർ ചേർന്ന് നടത്തിയ അന്വേഷണമാണ് യാതൊരു തെളിവും അവശേഷിപ്പിക്കാതെ നടത്തിയ കൊലപാതകത്തിൽ പ്രതിയെ കണ്ടെത്തുന്നതിന് സാധിച്ചത്.